ഭരണഭാഷ-മാതൃഭാഷ

നം.ഫിൻ.സി5/27513/2016/എച്ച്.എസ്.ഇ.

ഹയർസെക്കന്ററി ഡയറക്ടറുടെ ഓഫീസ്,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.
തീയതി : 31/03/2017.

## സർക്കുലർ

വിഷയം: ഹ.സെ.വി.വ-ഫിനാൻസ്-ഗവ. ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത്-സംബന്ധിച്ച്.

വൊക്കേഷണൽ ഹയർ സെക്കന്ററി, IT @ സ്കൂൾ എന്നീ വകുപ്പുകളുടെ സഹകരണത്തോടെ, ഗവ. ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടറുകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് എല്ലാ ജില്ലകളിലും ഹാർഡ്‌വെയർ ക്ലിനിക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിലെ എസ്.ആർ.വി.ജി.വി.എച്ച്.എസ്.എസ്, പാലക്കാട് ജില്ലയിലെ ജി.വി.എച്ച്.എസ്.എസ്. കാരക്കുറിശ്ശി, തൃശൂർ ജില്ലയിലെ ദേശമംഗലം ജി.വി.എച്ച്.എസ്.എസ്. എന്നീ ഹാർഡ്‌വെയർ ക്ലിനിക്കുകൾ ഏപ്രിൽ, മെയ് മാസങ്ങളിൽ പ്രവർത്തിക്കുന്നതല്ല എന്നും ബാക്കി എല്ലാ ക്ലിനിക്കുകളും പ്രസ്തുത കാലയളവിൽ പ്രവർത്തിക്കുന്നതാണെന്നും കെൽട്രോൺ സീനിയർ എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

അതിനാൽ വെക്കേഷൻ കാലയളവിൽ പ്രവർത്തിക്കുന്ന ഹാർഡ്‌വെയർ ക്ലിനിക്കുകളുടെ സമീപപ്രദേശങ്ങളിലെ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ പ്രിൻസിപ്പൽമാർ തങ്ങളുടെ സ്കൂളിലെ പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടറുകൾ അതത് ക്ലിനിക്കുകളിൽ എത്തിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനയോഗ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഹാർഡ് വെയർ ക്ലിനിക്കുകളുടെ ചുമതലയുള്ള സാങ്കേതിക വിദഗ്ദ്ധരുമായി ബന്ധപ്പെട്ട് (ടെലഫോൺ നമ്പർ - 7994265474) കമ്പ്യൂട്ടറുകൾ എത്തിക്കുന്നതിനുള്ള സമയക്രമം നിശ്ചയിക്കേണ്ടതും അറ്റകുറ്റപ്പണികൾക്കായി നൽകിയതും തിരികെ ലഭിക്കുന്നതുമായ കമ്പ്യൂട്ടറുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

**സീനിയർ ഫിനാൻസ് ഓഫീസർ**

പകർപ്പ് :
1. ഡയറക്ടർ IT@ സ്കൂൾ
2. ഡയറക്ടർ VHSE
3. എല്ലാ ഗവ. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും.